4 വർഷത്തിന്റെ നിറവിൽ

നവജ്യോതി

LIGHTED TO ENLIGHTEN

Volume:4, Issue:5

നമ്മുടെ കോളേജിന്റെ വാർത്താജാലകം

നവംബർ 14 ചൊവ്വ 2023

സഹ്യന്റെ മടിത്തട്ടിൽ ഇത്തിരി ദിനരാത്രങ്ങൾ അട്ടപ്പാടിയിലൂടെ "ഗ്രാമിക 2K23"

ഷിജോ ജോസ്

പശ്ചിമഘട്ടത്തിലെ നീലഗിരി മലനിരകൾക്ക് താഴെ സ്ഥിതി ചെയ്യുന്ന ഭവാനി, ശിരുവാണി, നദികളുടെ തലോടലിൽ പുളകംകൊള്ളുന്ന വിശാലമായ പർവ്വത താഴ്‌വരകളാണ് പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിലെ 'അട്ടപ്പാടി' എന്ന ഗിരിവർഗ്ഗ ഭൂപ്രദേശം.

ഇരുളർ, കുറുമ്പർ, മുടുക തുടങ്ങിയ ആദിവാസി വിഭാഗങ്ങളും, തമിഴ് വംശജരും, കുടിയേറ്റക്കാരായ കർഷകരും ഒത്തൊരുമിച്ച് നിവസിക്കുന്ന ഒരിടം. നിരവധി ചരിത്രശേഷിപ്പുകളെ ഒളിപ്പിച് വെച്ചിരിക്കുന്ന ഒരു ഭൂമികയാണ് അട്ടപ്പാടി. സൈലന്റ് വാലി ദേശീയോദ്യാനം സ്ഥിതി ചെയ്യുന്നതും ഈ മേഖലയിലാണ്. രാത്രികാലങ്ങളിലെ ശൈത്യവും പ്രഭാതത്തിലെ കോടമഞ്ഞും പകൽചൂടിന്റെ കാഠിന്യവും ഈ ഭൂപ്രദേശത്തിന്റെ സവിശേഷതകളാണ്. നിറയെ വളവുകളും തിരിവുകളുമുള്ള ഇടുങ്ങിയ റോഡുകളും, മൺപാതകളും, ഗിരി ശൃംഗങ്ങളും, കാട്ടുചോലകളും, താഴ് വരകളും, തരുനിരകളും, പക്ഷികളുടെ കളകൂജനവും, വന്യമൃഗ സാന്നിധ്യവും, പുഴത്തീരത്തെ സ്വർണ്ണ തരികളടങ്ങിയ മണൽപ്പരപ്പും നയനാനന്ദകരമാണ്.

നവജ്യോതിയുടെ മാനേജ്മെൻറ് സ്റ്റഡീസ് ഒന്നാം വർഷ വിദ്യാർഥികൾ കോളേജിന്റെ ഐ.ക്യു.എ.സി.യുമായി കൈകോർത്ത് അട്ടപ്പാടിയിൽ പ്രവർത്തിക്കുന്ന വിങ്സ് (എ ഹോളിസ്റ്റിക് ട്രെയിനിങ്ങ് സെന്റർ ഫോർ സോഷ്യൽ സൈക്കോളജിക്കൽ ആൻഡ്കൾച്ചറൽ ഡെവലപ്പ്മെന്റ്)ന്റെ ആതിഥേയത്വത്തിൽ 'പെട്ടിക്കൽ' എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ശാന്തി ഗ്രാം സി എസ് ടി ആശ്രമത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇൻഫന്റ് ജീസസ് പ്രൈമറി സ്കൂളിൽ വച്ച് നടത്തിയ ചതുർദിന റൂറൽ ക്യാമ്പാണ് 'ഗ്രാമിക 2K23'.

വിവിധ തലങ്ങളിൽ സംഘടിപ്പിക്കപ്പെട്ട പരിപാടികളിലൂടെ വിദ്യാർഥികൾക്കും പ്രദേശ നിവാസികൾക്കും അറിവും ഉണർവും പകർന്ന ഒരു ഗോത്ര സംസ്കൃതിയുടെ പൈതൃകം ഉൾക്കൊണ്ട് ചിന്തകളെയും അനുഭവങ്ങളെയും ഉത്തേജിപ്പിക്കാനും വിസ്തൃതമാക്കാനും ഉപകരിക്കപ്പെട്ടു എന്നതാണ് പ്രസ്തുത പരിപാടിയുടെ വിജയം.

ഇതിന്റെ നേർക്കാഴ്ചകളെ വാക്കുകളായും ചിത്രങ്ങളിലൂടെയും അകത്താമ്പുകളിൽ ആലേഖനം ചെയ്തിട്ടുണ്ട്. വായിക്കുക.... ആസ്വദിക്കുക...

ടൂറിസം ക്ലബ്ബ് ലോഗോ പ്രകാശനം

ക്രിസ്ബിൻ സജി

നവജ്യോതി കോളേജ് ടൂറിസം ക്ലബ്ബ് ലോഗോ ബഹുമാനപ്പെട്ട ടൂറിസം മന്ത്രി ശ്രീ. മുഹമ്മദ് റിയാസ്, കല്ല്യാശ്ശേരി എം.എൽ.എ. ശ്രീ. എം. വിജിൻ എന്നിവർ ചേർന്ന് നിർവ്വഹിച്ചു.

വജ്യോതി കോളേജ് ടൂറിസം ക്ലബിന്റെ ലോഗോ പ്രകാശനം കേരള ടൂറിസം വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ്, കല്ല്യാശേരി എം.എൽ.എ എം.വിജിൻ എന്നിവർ ചേർന്ന് നിർവഹിച്ചു. ടൂറിസം ക്ലബ് ഇൻചാർജ് ഫാ.ജോസ് താമരക്കാട്ട്, കോളേജ് യൂണിയൻ ചെയർമാൻ മുഹമ്മദ് മിൻഹാജ്, ടൂറിസം ക്ലബ്ബ് അംഗങ്ങളായ അലൻ ലീ ജോസഫ്, എൽവിൻ സോണി, റോസ്ന എന്നിവർ പങ്കെടുത്തു. ഒക്ടോബർ മാസം പത്താം തീയതി പരിയാരത്ത്വച്ചായിരുന്നു ലോഗോ പ്രകാശനം.

ആശംസ

ഗ്രാമിക 2k23 'നാടറിയാൻ നാടിനെ അറിയാൻ' എന്ന പേരിൽ നവജ്യോതി കോളേജിലെ ഡിപ്പാർട്ട്മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ നേതൃത്വത്തിൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്കു വേണ്ടി അട്ടപ്പാടി കേന്ദ്രമാക്കി ഒക്ടോബർ 19 മുതൽ 22 വരെയുള്ള തീയതികളിൽ സഹവാസ ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. വ്യത്യസ്തമായ ജീവിതശൈലി, സംസ്കാരം, ഭാഷാശൈലി, ഭക്ഷണരീതി, ഗ്രാമീണ ജീവിതം, ആദിവാസികളുടെ ജീവിത സവിശേഷതകൾ തുടങ്ങിയവ മനസ്സിലാക്കാനും പഠിക്കാനും ഈ നാല് ദിനങ്ങൾ സഹായിച്ചു. തുടർന്നും ഈ ഡിപ്പാർട്ട്മെന്റിന്റെ ഭാഗമായി ഇപ്രകാരം നല്ല പ്രവർത്തനങ്ങൾ ഉണ്ടാകാൻ ആഗ്രഹിക്കുന്നു. ഇത് യാഥാർത്ഥ്യമാക്കിയ എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ.

ഫാ. സിജോയ് പോൾ ഡയറക്ടർ, നവജ്യോതികോളേജ്

അധ്യാപക പരിശീലന പരിപാടി നടത്തി ഐക്യുഎസി

ജോയൽ എസ് ജോർജ്

നവജ്യോതി കോളേജ് ഐക്യുഎസി വിഭാഗത്തിന്റെ നേതൃത്വത്തിൽ 2023 ഒക്ടോബർ 3 മുതൽ ഒക്ടോബർ 7 വരെ അധ്യാപക പരിശീലന പരിപാടി (എംപവറിംഗ് എഡ്യൂക്കേറ്റേഴ്സ്) സംഘടിപ്പിച്ചു.

അധ്യാപനത്തിന്റെയും പ്രൊഫഷണൽ വികസനത്തിന്റെയും വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന സമഗ്രമായ അജണ്ടയോടെ അധ്യാപകരെ സജ്ജരാക്കുക എന്നതായിരുന്നു പരിപാടിയുടെ ലക്ഷ്യം.

ഓഡിയോ വിഷ്വൽ റൂമിൽ ദിവസവും ഉച്ചകഴിഞ്ഞ് 2:30 മുതൽ 4:00 വരെ നടന്ന പരിപാടിയിൽ അധ്യാപകരുടെ സജീവ സാന്നിധ്യം നിറഞ്ഞു നിന്നു.

സ്ഥാപനത്തിന്റെ വിദ്യാഭ്യാസ ദൗത്യം, നൂതന അധ്യാപന രീതികൾ , അധ്യാപകരുടെ ഉത്തരവാദിത്തങ്ങൾ, നാക് അക്രഡിറ്റേഷൻ പ്രക്രിയ, പരീക്ഷ ക്രമീകരണങ്ങൾ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് കോളേജ് പ്രിൻസിപ്പാൾ ഡോ. കെ കെ സോമശേഖരൻ, ഡയറക്ടർ ഫാ. സിജോയ് പോൾ, ബിബിഎ വിഭാഗം ഹെഡ് ഷിജോ ജോസ്, ഐക്യുഎസി കോർഡിനേറ്റർ സിംന സൈമൺ, ബിസിഎ വിഭാഗം ഹെഡ് ആനി സുഫലാമ്മ, ഇന്റേണൽ എക്സാം കമ്മിറ്റി ഹെഡ് എബി ജോസ് തുടങ്ങിയവർ ക്ലാസുകൾ കൈകാര്യം ചെയ്തു.

പ്രസ്തുത പരിപാടിയിൽ പങ്കെടുത്ത പതിനഞ്ചോളം അധ്യാപകർക്കും കോളേജ് പ്രിൻസിപ്പാൾ ഡോ. കെ കെ സോമശേഖരൻ സർട്ടിഫിക്കറ്റുകൾ കൈമാറി.

'നിലയ്ക്കാത്ത സംഗീതം' സമ്മാനിച്ച് കോട്ടൂർ ഐടിഐ

ഫെബിൻ ബിജു

നവജ്യോതി കോളേജിന്റെ സഹോദര സ്ഥാപനമായ കോട്ടൂർ ഐടിഐ 'നിലയ്ക്കാത്ത സംഗീതം' എന്ന പരിപാടിയുടെ ഭാഗമായി ഒക്ടോബർ 19ന് ഇലക്ട്രോണിക്സ് വിദ്യാർത്ഥികൾ നിർമ്മിച്ച ഓട്ടോമാറ്റിക് സെൻസർ റേഡിയോകൾ നവജ്യോതി കോളേജിന് നൽകി. കോളേജ് ഡയറക്ടർ ഫാ. സിജോയ് പോൾ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കോട്ടൂർ ഐടിഐ പ്രിൻസിപ്പാൾ ഫാ.ജോയ്സൺ കണ്ടത്തിക്കുഴിയിൽ, നവജ്യോതി കോളേജ് പ്രിൻസിപ്പാൾ കെ കെ സോമശേഖരൻ എന്നിവരും സംസാരിച്ചു. ഇലക്ട്രോണിക്സ് വിഭാഗം മേധാവി ജോസ്, അദ്ധ്യാപകരായ സോമശേഖരൻ, തോമസ് തുടങ്ങിയവരുടെയും റേഡിയോകൾ നിർമ്മിച്ച നാല് ഇലക്ട്രോണിക്സ് വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ കോളേജ് പ്രിൻസിപ്പാൾ കെ കെ സോമശേഖരൻ റേഡിയോകൾ ഏറ്റുവാങ്ങി.

നാടറിയാൻ നാടിനെ അറിയാൻ

ഒരു സഹവാസത്തിന്റെ കഥ അറിയാൻ...

രണ്ടായിരത്തി ഇരുപത്തിമൂന്നാം ആണ്ട് ഒക്ടോബർ പത്താം തീയതി രാത്രി എട്ട് മണിക്ക് ഡിപ്പാർട്ട്മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിലെ 25 വിദ്യാർത്ഥികളും, മൂന്ന് വൈദികരും. മൂന്ന് അധ്യാപകരും കോളേജിൽ നിന്നും യാത്ര തിരിച്ച് പതിനൊന്നാംതീയതി അരുണോദയത്തിനു മുൻപേ അട്ടപ്പാടിയിലെ പെട്ടിക്കൽ എന്ന സ്ഥലത്ത് എത്തിച്ചേർന്നു. സി എസ് ടി സഭയുടെ ശാന്തി ഗ്രാം ആശ്രമത്തിന്റെ സുപ്പീരിയറും മറ്റ് വൈദികരും പ്രഭാത ഭക്ഷണമൊരുക്കി ഞങ്ങളെ കാത്തിരിക്കുകയായിരുന്നു. ഭക്ഷണ ശേഷം ടീമംഗങ്ങൾ താമസത്തിനുള്ള ശുചീകരണ പ്രവർത്തനങ്ങളും പാചകത്തിനുള്ള സജ്ജീകരണങ്ങളും നടത്തി. അടുക്കളയുടെ അമരക്കാരായി വൈദികരും അധ്യാപകരും മാറിയത് ഞങ്ങളിൽ തെല്ല് കൗതുകം ഉണർത്തി. ഐസ് ബ്രേക്കിംഗ് സെഷനോടുകൂടിയാണ് ക്യാമ്പ് ആരംഭിച്ചത്. ഞങ്ങളുടെ ക്യാമ്പിന് ആതിഥേയമരുളി യ 'വിങ്സ്' അട്ടപ്പാടിയുടെ പിആർഒ ഫാ.ജോഫിൻ സിഎസ്ടി ആണ് സെഷൻ കൈകാര്യം ചെയ്തത്. ആരോഗ്യകരമായ സൗഹൃദങ്ങളുടെ ആവശ്യകതയും ഊഷ്മളതയും കലാലയ ജീവിതത്തിൽ അനിവാര്യമാണെന്ന് അദ്ദേഹം അനുഭവങ്ങളിലൂടെ പറഞ്ഞു തന്നു. അധ്യാപകർ ഒരുക്കിയ സ്വാദിഷ്ടമായ ഉച്ചഭക്ഷണത്തോടെ സെഷൻ സമാപിച്ചു.

അട്ടപ്പാടിയുടെ വിങ്സ്

അട്ടപ്പാടിയുടെ സാമൂഹിക സാംസ്കാരിക മാനസിക മേഖലകളിൽ ഉണർവ്വ് ലക്ഷ്യമിട്ട് പരിശീലന പദ്ധതികൾ നടപ്പിലാക്കുന്ന ഒരു രജിസ്ട്രേഡ് ഓർഗനൈസേഷൻ ആണ് വിങ്സ് (വെൽനസ് ഇൻസ്റ്റിറ്റ്യൂട്ട് നർച്ചറിംഗ് ഗ്രോത്ത് ആൻഡ് സ്റ്റെബിലിറ്റി). അതിന്റെ ആദ്യ പരിശീലന പരിപാടിയാണ് ഗ്രാമിക 2K23.

വിങ്സിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. മണ്ണാർക്കാട് നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. എൻ. ഷംസുദ്ദീൻ ആയിരുന്നു. സി.എസ്.ടി. സഭയുടെ ജനറാൾ വെരി റവറന്റ് ഫാ. ജോജോ വരകുകാലായിൽ അധ്യക്ഷ സ്ഥാനം അലങ്കരിച്ചു.

ഇൻഫന്റ് ജീസസ് പ്രൈമറി സ്കൂളിലെ കുഞ്ഞുങ്ങളും നവജ്യോതിയുടെ ചുണക്കുട്ടികളും ചേർന്ന് അവതരിപ്പിച്ച വിവിധ കലാപരിപാടികൾ ചടങ്ങിന് കൊഴുപ്പേകി.

'കുത്തിമാടി' മാടി വിളിച്ചപ്പോൾ

ക്യാമ്പിന്റെ നാലാം ദിനം ഞങ്ങളിൽ അനുഭൂതിയുണർത്തിയ ഒരു യാത്രയുടെ വർണ്ണാധീതമായ കാഴ്ചകളെ അക്ഷരങ്ങളിൽ കോറിയിടാനു ള്ള ഒരു ശ്രമം.

'കുത്തിമാടി'- അട്ടപ്പാടിയുടെ വനാന്തരങ്ങളിൽ സാഹസികതയിലൂടെ മാത്രം എത്തിപ്പെടാൻ പറ്റുന്ന അധികമാരുടെയും ശ്രദ്ധയിൽപ്പെടാത്ത വെള്ളച്ചാട്ടം. കാടിന്റെ ശബ്ദസംഗീതം നിശബ്ദതയോടെ ആസ്വദിക്കാൻ ഇതുപോലെയുള്ള സ്ഥലങ്ങൾ കേരളത്തിൽ അധികമുണ്ടാകില്ല.

അഗളി ഫോറസ്റ്റ് റേഞ്ച് ഓഫീസർ ഫെലിക്സ് സാറിന്റെ അനുമതിയോടെ ഫോറസ്റ്റ് ഗാർഡ് സെൽവൻ സാർ ആയിരുന്നു ഞങ്ങളെ വനത്തിലൂടെ ലക്ഷ്യസ്ഥാനത്തേക്ക് നയിച്ചത്.

ശിരുവാണിപ്പുഴ ഒരു കാട്ടരുവിയായി പതഞ്ഞൊഴുകുന്ന ആനത്താരയിലൂടെ നിശബ്ദതയെ ഭഞ്ജിച്ച് ഞങ്ങൾ വിദ്യാർത്ഥികളും, അധ്യാപകരും, വൈദികരും അടങ്ങുന്ന സംഘം നടന്നു നീങ്ങുമ്പോൾ ഒരു കല്ലേറു ദൂരം മാറി കാട്ടാനകൾ മരച്ചില്ലകൾ വളച്ചൊടിച്ച് വിശപ്പടക്കുന്നുണ്ടായിരുന്നു. നാല് കിലോമീറ്ററോളം ഉൾവനത്തിലൂടെ പിന്നിട്ട് കുത്തിമാടി വെള്ളച്ചാട്ടത്തെ സാക്ഷിയാക്കി കയ്യിൽ കരുതിയ പൊതിച്ചോറ് അഴിച്ച് ആദ്യ ഉരുള കഴിക്കുമ്പോൾ ഒരു സദ്യ വട്ടത്തേക്കാൾ സ്വാദിഷ്ടമായി തോന്നി. ചെങ്കുത്തായ ഒരു പാറയിലൂടെ ഉടുമ്പിനെ പോലെ അള്ളിപ്പിടിച്ച് പത നുരയുന്ന വെള്ളച്ചാട്ടത്തിൽ തത്തിക്കളി ക്കുമ്പോൾ എല്ലാവരുടെയും മനസ്സ് കുട്ടിക്കാലത്തിന്റെ മായാത്ത ഓർമ്മകളിലേക്ക് കടന്നുപോ കുന്നതുപോലെ തോന്നി.

ഒരു ദിനം കടന്നുപോയതറിയാതെ സായാഹ്നത്തിൽ അധികാരികൾക്ക് നന്ദിയും സ്നേഹോപഹാരം കൈമാറി നടന്നിറങ്ങുമ്പോൾ ഒരിക്കൽ കൂടി ഇവിടേക്ക് എത്താൻ പറ്റിയിരുന്നെങ്കിൽ എന്ന് എല്ലാ മനസ്സുകളും കൊതിച്ചിട്ടുണ്ടാകാം.

ഒരു കർഷകന്റെ വിജയഗാഥ

ഒരു കർഷകന്റെ വിജയഗാഥ വിളംബരം ചെയ്ത പതിനെട്ടേക്കറോളം ഭൂമി അഗളിയിലുണ്ട്. ശ്രീ മാത്യു പുത്തൻ പുരയ്ക്കൽ എന്ന കർഷക മന്നൻ തന്റെ കഠിനാധ്വാനത്തിലൂടെ നേടിയതെല്ലാം നേരിട്ട് കാണാനായി ക്യാമ്പിന്റെ മൂന്നാം ദിനം ഞങ്ങൾ അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഗുഡ് ഫാർമേഴ്സ് ഓർഗാനിക് ഫാം സന്ദർശിച്ചു.

നാണ്യവിളകൾ, പച്ചക്കറികൾ, ഫലവർഗ്ഗങ്ങൾ, ഓർഗാനിക് നഴ്സറി, മീൻ വളർത്തൽ, ഡയറി ഫാമിംഗ് എല്ലാം കൗതുകമുണർത്തുന്ന കാഴ്ചകളായിരുന്നു. ഉത്തമ കർഷകനുള്ള ഒട്ടനവധി പുരസ്കാരങ്ങൾ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. കൃഷി നഷ്ടമാണെന്ന വാദഗതികൾ അദ്ദേഹം ഇഷ്ടപ്പെടുന്നില്ല. കീഴടക്കാനുള്ള മനസ്സും പ്രാർത്ഥനയും അധ്വാനവും സമന്വയിക്കുന്നിടം പൊന്നു വിളയും എന്നതാണ് അദ്ദേഹത്തിന്റെ വാദം. ലക്കി പ്രൈസ് ആൻഡ് ബംബർ യീൽഡ് ആണ് കർഷകന്റെ ലോട്ടറി എന്ന് അദ്ദേഹം ആണയിട്ട് പറയുന്നു. തന്റെ കൃഷി ഭൂമിയിൽ വിളയിച്ചെടുത്ത മുസംബിയും നാരങ്ങയും മാങ്ങയും പുളിയും എല്ലാം തന്ന് അദ്ദേഹം ഞങ്ങളെ യാത്രയാക്കി.

ശ്രീ മാത്യു പുത്തൻപുരയ്ക്കൽ എന്ന കർഷകന് നവജ്യോതിയുടെ ബിഗ് സല്യൂട്ട്...

നക്കുപതിയിൽ നഞ്ചിയമ്മയോടൊപ്പം..

'കളക്കാത്ത സന്ദനമേറെ വെഗുവോക പുത്തിറക്കോ പൂപ്പറിക്ക പോകിലാമൊ വിമേനാത്തെ പക്കിലാമോ'

.മലയാളിയുടെ നാവിൻ തുമ്പിൽ അയ്യപ്പനും കോശിയും എന്ന സിനിമയുടെ പേര് തത്തികളിക്കാൻ തുടങ്ങിയ ദിനം മുതൽ അണമുറിയാതെ ഒരു മൂളലായെങ്കിലും ഒഴുകി ഇറങ്ങുന്ന പാട്ടിന്റെ പല്ലവിയാണിത്. ഈ ശ്രുതി മാധുര്യത്തിന്റെ ഉടമയെ കേരളക്കര എന്നല്ല ലോകം മുഴുവൻ നെഞ്ചിലേറ്റി. നമ്മുടെ 'നഞ്ചിയമ്മ' 2020 ലെ ബെസ്റ്റ് ഫീമെയിൽ സിംഗർ ദേശീയ സ്പെഷ്യൽ ജൂറി അവാർഡ് നേടിയ മലയാളക്കരയുടെ സ്വന്തം അമ്മ. ഇരുപത്തിരണ്ടാം തീയതി ഉച്ചതിരിഞ്ഞ് ഞങ്ങൾ നഞ്ചിയമ്മയുടെ ഭവനത്തിൽ സന്ദർശനം നടത്തി. നക്കുപതി സെന്റ് ബേസിൽ ആശ്രമം സുപ്പീരിയർ ഫാ. ബിജു തെക്കേലും ഞങ്ങളോടൊപ്പമുണ്ടായിരുന്നു. അമ്മയുടെ ലാളിത്യവും ആതിഥേയത്വവും ഞങ്ങളെ ഏറെ ആകർഷിച്ചു. ആടിയും പാടിയും, വിശേഷങ്ങൾ ചോദിച്ചറിഞ്ഞും, സന്തോഷം പങ്കിട്ടും, ഏതാണ്ട് ഒരു മണിക്കൂറോളം അവിടെ ചെലവഴിച്ചു. വിട പറയുന്ന നേരം അമ്മയ്ക്ക് നവജ്യോതിയുടെ സ്നേഹസമ്മാനവും കൈമാറി.

ചിത്രരചന മത്സരം നടത്തി

റിലൻ ജോയ്

ഗാന്ധിജയന്തിയോടനുബന്ധിച്ച് ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ചിത്രരചനാ മത്സരം നടത്തി. ബിസിഎ രണ്ടാം വർഷ വിദ്യാർത്ഥി വൈശാഖ് ഒന്നാം സ്ഥാനവും ബിസിഎ ഒന്നാം വർഷ വിദ്യാർത്ഥി സ്റ്റെഫിൻ മാത്യു രണ്ടാം സ്ഥാനവും നേടി. ക്ലബ് ആനിമേറ്റർ സൈനി ഡാനിയൽ പരിപാടിക്ക് നേതൃത്വം നൽകി.

ഗ്രാമികയുടെ പരിശീലനങ്ങളിലൂടെ...

അട്ടപ്പാടിയെ തഴുകിയൊഴുകുന്ന ശിരുവാണി പുഴയരികിൽ മൂന്നാം ദിനത്തിന്റെ മധ്യാഹ്നം മുതൽ സായാഹ്നം വരെ ചെലവഴിച്ച് കോഴിക്കോട് ലിസ കോളേജിലെ ആൽബിൻ സാറിന്റെ നേതൃത്വത്തിൽ നടത്തിയ വർക്ക് ഷോപ്പ് ഏറെ പ്രയോജനം ചെയ്തു. സർഗാത്മകത വളർത്തിയെടുക്കാനും, ലക്ഷ്യാധിഷ്ഠിതമായി ചിന്തിക്കാനും ക്ലാസ് ഉപകരിച്ചു.

'ആനക്കട്ടി' കേരളത്തിന്റെയും തമിഴ്നാടിന്റെയും അതിർത്തി ഗ്രാമം. ഗോത്ര വർഗ്ഗ ജനത തിങ്ങിപ്പാർക്കുന്ന പ്രദേശം. അവിടുത്തെ സായാഹ്നങ്ങൾ അതിമനോഹരമാണ്. അയ്യപ്പനും കോശിയും ചിത്രീകരിച്ച വഴിത്താരകളും, കാറ്റാടിപ്പാടങ്ങളും സന്ദർശിച്ചപ്പോൾ അതിരില്ലാത്ത ആനന്ദം തോന്നി.

ചടുലവും രസകരവുമായ പ്രകടനങ്ങളാൽ ഖ്യാതി നേടിയ 'താബോലം' ടീം ഗ്രാമികയോടൊപ്പം സംഘടിപ്പിച്ച ക്യാമ്പ് ഫയർ ഉത്സവാന്തരീക്ഷം സൃഷ്ടിച്ചു. പ്രാദേശിക സമൂഹവും ഞങ്ങളോടൊപ്പം ചേർന്നു. തീ ആളിക്കത്തിയപ്പോൾ ആവേശത്തിന്റെ തിരയിളക്കി 'താബോലം' നടുത്തളത്തിലിറങ്ങി പരമ്പരാഗതവും സമകാലീനവുമായ സംഗീതവും, നൃത്തച്ചുവടുകളും സമന്വയിപ്പിച്ച് സദസിനെ ഇളക്കാൻ അവർക്ക് കഴിഞ്ഞു. ഇത് കേവലമായ വിനോദത്തിനുമപ്പുറം അട്ടപ്പാടിയുടെ സാംസ്കാരിക വൈവിധ്യത്തെയും പ്രതിഫലിപ്പിക്കുന്നവയായിരുന്നു.

ക്യാമ്പിൽ വൈകുന്നേരങ്ങളിൽ നടത്തപ്പെട്ട ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള കലാപരിപാടികൾ വിദ്യാർത്ഥികളുടെ കലാപരമായ കഴിവുകളെ അനാവരണം ചെയ്യാനുതകുന്നതായിരുന്നു. സ്വാതന്ത്ര്യം, ഭാവന, ആവിഷ്കാരം, പ്രഫഷണലിസം, ടീം വർക്ക്, സാമൂഹിക ഇടപെടൽ എന്നിവയെല്ലാം ഈ കലാസന്ധ്യകളിൽ നിറഞ്ഞു നിന്നു.

മൂന്നാം ദിനം 'എന്റെ ഊര്' എന്നവിഷയത്തിൽ തങ്കരാജു മാസ്റ്റർ സംഘടിപ്പിച്ച ക്ലാസ്സ് ഹൃദ്യമായിരുന്നു. ആദിവാസി വിഭാഗത്തിന്റെ ജീവിതക്രമവും, വേഷവിധാനങ്ങളും, ഗോത്ര സംസ്കാരവും, ഒരു നേർക്കാഴ്ചപോലെ അദ്ദേഹം വിവരിച്ചു തന്നു.

അട്ടപ്പാടിയിലെ ജീവിതയാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുന്നതിൽ ഗ്രാമിക ക്യാമ്പ് നടത്തിയ ഗ്രാമ സർവ്വേകൾ നിർണായകമായ പങ്ക് വഹിച്ചു. വയലൂർ, പെട്ടിക്കൽ, ഷോളയൂർ എന്നീ ആദിവാസി ഊരുകളിൽ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് എല്ലാ വിദ്യാർത്ഥികളും അവർക്കായി ലഭിച്ച ഊരുകളിലെ ജനജീവിതത്തെ മനസ്സിലാക്കുവാനായി സർവ്വേ നടത്തി. പ്രാദേശിക സമൂഹത്തിന്റെ ജീവിതശൈലി, വെല്ലുവിളികൾ, മാനസികമായ സംഘർഷങ്ങൾ, അഭിലാഷങ്ങൾ തുടങ്ങിയ വസ്തുതകൾ അറിയുവാൻ അവർക്കിടയിലേക്ക് ഇറങ്ങിച്ചെന്ന വിദ്യാർത്ഥികൾക്ക് ഈ അനുഭവം തീർത്തും പുതുമ നിറഞ്ഞതായിരുന്നു. സർവ്വേയുടെ പ്രാഥമിക ലക്ഷ്യം അട്ടപ്പാടിയിലെ ആദിവാസി ഊരുകളിലെ ജനങ്ങളുടെ ദൈനം ദിന ജീവിതം വിലയിരുത്തുക എന്നതായിരുന്നു

എങ്കിലും അവർക്കിടയിലെ മാനസിക വെല്ലുവിളികളും, ആവശ്യങ്ങളും സാമ്പത്തിക ബുദ്ധിമുട്ടുകളും ആരോഗ്യ സംരക്ഷണ മേഖലകളും വിദ്യാഭ്യാസപരമായ വിവരങ്ങളും അറിയുവാൻ സാധിച്ചു.

ആദിവാസി ഊരുകളിലെ ജീവിതങ്ങളുടെ വ്യത്യസ്തവശങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭിക്കുന്നതിന് ഘടനാപരമായി രൂപകല്പന ചെയ്ത ചോദ്യാവലികൾ ഓരോ വിദ്യാർഥികളിലും ആകാംക്ഷയുണർത്തി. സർവ്വേയിൽ നിന്നും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യുകയും ഊരുകളിലെ ജീവിതത്തിനെ പറ്റിയുള്ള അവലോകനം നടത്തുകയും ചെയ്തു.

സമൂഹം അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ മനസ്സിലാക്കുന്നത് വിദ്യാർത്ഥികളിൽ സഹാനുഭൂതിയും ശാക്തീകര ണവും വളർത്തി, ആ മേഖലയുടെ വികസനത്തിന് ക്രിയാത്മകമായി സംഭാവന നൽകാൻ അത് അവരെ പ്രേരിപ്പിച്ചു.

യാത്രാമംഗളങ്ങൾ– പുതുജീവൻ ആശ്രമം– ജെല്ലിപ്പാറ

നാലാം ദിവസമവസാനിക്കുമ്പോൾ ഞങ്ങൾ എത്തിച്ചേർന്നത് ജെല്ലിപ്പാറയിൽ സ്ഥിതിചെയ്യുന്ന പുതുജീവൻ ആശ്രമത്തിലാണ്. നാടറിയാൻ നാടിനെയറിയാൻ എന്ന യാത്ര ഇവിടെ അവസാനിക്കുന്നു.

ഒരുപാട് ഓർമ്മകളും അറിവുകളും പുതിയ അനുഭവങ്ങളും സമ്മാനിച്ച യാത്രയയപ്പ് സമ്മേളനം ജെല്ലിപ്പാറ ആശ്രമത്തിൽ വെച്ച് നടന്നു. പുതുജീവൻ വൃദ്ധമന്ദിരത്തിലെ അന്തേവാസികളും ആശ്രമത്തിലെ സിഎസ്ടി വൈദികരും ഞങ്ങളെ സ്വാഗതം ചെയ്തു. സമൂഹത്തിൽ ഒറ്റപ്പെട്ട, ആർക്കും വേണ്ടാത്തവരെ ചേർത്തുപിടിക്കുന്ന സ്നേഹത്തണലാണ് പുതുജീവൻ ആശ്രമം. വിദ്യാർത്ഥികളും ആശ്രമനിവാസികളും അന്നവിടെ കലാസന്ധ്യയൊരുക്കി.

തുടർന്ന് യാത്രയയപ്പ് സമ്മേളനം നടന്നു. നവജ്യോതി കോളേജ് അസിസ്റ്റന്റ് പ്രൊഫസർ ഫാ. അരുൺ ജെയിംസ് എല്ലാവർക്കും സ്വാഗതമരുളി. ചടങ്ങിന് കോളേജ് ഡയറക്ടർ ഫാ. സിജോയ് പോൾ അദ്ധ്യക്ഷത വഹിച്ചു. ശാന്തിഗ്രാമം ആശ്രമ സുപ്പീരിയർ ഫാ. ജോബി ഇടത്തിനാൽ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. ജോഫിൻ (വിങ്സ് പി ആർഒ), ഫാ. സോജൻ (വിങ്സ് അസിസ്റ്റന്റ് ഡയറക്ടർ), ഫാ.മാത്യു (സൈക്കോളജിക്കൽ കൗൺസിലർ) എന്നിവർ ചടങ്ങിന് ആശംസ അർപ്പിച്ച് സംസാരിച്ചു. ഒന്നാം വർഷ ബിബിഎ ബിരുദ വിദ്യാർത്ഥിനി റോസ്ന ക്യാമ്പ് അവലോകനം നടത്തി.

തുടർന്ന് ഗ്രാമിക റൂറൽ ക്യാമ്പിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച വിദ്യാർത്ഥികളെ ആദരിച്ചു. ബെസ്റ്റ് ക്യാമ്പറായി ആൺകുട്ടികളിൽ നിന്നും അദിത്തും അനുരാഗും പെൺകുട്ടികളിൽ നിന്ന് ഫാത്തിമ ഷീഫയും, ബെസ്റ്റ് എന്റർറ്റൈനർ ജെസ്വിനും, ബെസ്റ്റ് ഓൾറൗണ്ടറായി മാൻജിത്തും തെരഞ്ഞെടുക്കപ്പെട്ടു. കൂടാതെ ക്യാമ്പിലുടനീളം മികച്ച പ്രവർത്തനം കാഴ്ച്ച വെച്ച റോസ്നയേയും, ബെസ്റ്റ് സെല്ലറായി മുഹമ്മദ് റാഷിദിനെയും ആദരിച്ചു. ചടങ്ങിന് നവജ്യോതി കോളേജ് മാനേജ്മെന്റ് സ്റ്റഡീസ് ഹെഡ് ശ്രീ. ഷിജോ ജോസ് നന്ദി അറിയിച്ചു.

പുതുജീവൻ ആശ്രമത്തിലെ സിഎസ്ടി വൈദികരുടെ സ്നേഹവിരുന്നും കഴിച്ച് രാത്രി എട്ട് മണിയോടെ മടക്കയാത്ര ആരംഭിച്ചു. കൂടെ നിന്ന എല്ലാ വൈദികർക്കും സുമനസ്സുകൾക്കും ഹൃദയത്തിന്റെ ഭാഷയിൽ ഒരായിരം നന്ദി.

സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിലേറി നവസാരഥികൾ

കിരൺ കെ.എസ്

നവജ്യോതി കോളേജ് 2023 – 24 അധ്യായന വർഷത്തെ വിദ്യാർത്ഥി യൂണിയന്റെ സത്യപ്രതിജ്ഞ ഒക്ടോബർ 9 തിങ്കളാഴ്ച ഉച്ചയ്ക്ക് മൂന്ന് മണിക്ക് ശേഷം സെമിനാർ ഹാളിൽവെച്ച് നടത്തപ്പെട്ടു. കോളേജ് ഡയറക്ടർ ഫാ. സിജോയ് പോൾ, പ്രിൻസിപ്പാൾ കെ.കെ സോമശേഖരൻ യൂണിയൻ അഡ്വൈസർ എബി ജോസ് പി എന്നിവരുടെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട 17 യൂണിയൻ അംഗങ്ങളും അധികാരത്തിലേറി. കോളേജ് ചെയർമാനായി മുഹമ്മദ് മിൻഹാജ്, വൈസ് ചെയർമാനായി വിസ്മയ ടി ടി, ജനറൽ സെക്രട്ടറിയായി നോയൽ മൈക്കിൾ, ജോയിൻ സെക്രട്ടറിയായി സയന ജോൺ, യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലറായി ക്രിസ്റ്റി സി. ജെ, സ്റ്റുഡന്റ് എഡിറ്ററായി ഗണേഷ് കുമാർ, ഫൈൻ ആർട്സ് സെക്രട്ടറിയായി മുഹമ്മദ് റാഫി, ജനറൽ ക്യാപ്റ്റനായി മുഹമ്മദ് ഷാമിൽ, ഇംഗ്ലീഷ് അസോസിയേഷൻ സെക്രട്ടറി യായി ക്രിസ്ബിൻ സജി, മാനേജ്മെന്റ് സ്റ്റഡീസ് അസോസി യേഷൻ സെക്രട്ടറിയായി ആൽബി ബിനു, കൊമേഴ്സ് അസോസിയേഷൻ സെക്രട്ടറിയായി എസ്തു ജോസ്, കമ്പ്യൂട്ടർ സ്റ്റഡീസ് അസോസിയേഷൻ സെക്രട്ടറിയായി അർണോൾഡ് അഗസ്റ്റിൻ, ഇക്കണോമിക്സ് അസോസിയേഷൻ സെക്രട്ടറിയായി ശില്പ കെ, ഒന്നാംവർഷ ഡിഗ്രി പ്രതിനിധിയായി അഭിഷേക്, രണ്ടാം വർഷ ഡിഗ്രി പ്രതിനിധിയായി ജസീൽ കെ.കെ, മൂന്നാം വർഷം ഡിഗ്രി പ്രതിനിധിയായി സഫ്വാന കെ. പി, പിജി പ്രതിനിധിയായി ഉദയ് ആന്റണി എന്നിവർ സത്യപ്രതിജ്ഞ ചെയ്തത്.

ചെറുപുഴ ടൗൺ ശുചീകരിച്ച് എൻഎസ്എസ് വാളണ്ടിയേഴ്സ്

സുഭഗ സുഭാഷ്

ഗാന്ധിജയന്തി ദിനത്തോട് അനുബന്ധിച്ച് എൻഎസ്എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ ടൗൺ ശുചീകരണം നടന്നു. രാവിലെ 9:30ന് കോളേജ് ഡയറക്ടർ ഫാ. സിജോയ് പോൾ എൻഎസ്എസ് പതാക ഉയർത്തി. മാലിന്യമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി ചെറുപുഴ ടൗണിലേക്ക് റാലി നടത്തുകയും ചെയ്തു.

ചെറുപുഴ പഞ്ചായത്ത് പ്രസിഡന്റ് കെ.എഫ്. അലക്സാണ്ടർ മാസ്റ്റർ ശുചീകരണ പരിപാടി ഉദ്ഘാടനം ചെയ്തു.

എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ അൻസോ ജെയിൻ ആശംസ അർപ്പിച്ച് സംസാരിച്ചു. എൻ.എസ്. എസ്. വാളണ്ടിയേഴ്സ് വിവിധ ഗ്രൂപ്പുകളായി ചെറുപുഴ ടൗണും പരിസരവും ശുചീകരിക്കുകയും ഒപ്പം സൈൻ ബോർഡുകൾ വൃത്തിയാക്കുകയും ചെയ്തു.

വളണ്ടിയർമാരായ ക്രിസ്റ്റി സി ജെ, അശ്വതി രാജേഷ്, ബ്രിജേഷ് സെബാസ്റ്റ്യൻ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

എഡിറ്റോറിയൽ

'എന്റെ ജീവിതമാണ് എന്റെ സന്ദേശം'

ഒക്ടോബർ 2,ഗാന്ധിജയന്തി. രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ 154-ാം ജന്മദിനം. ഐക്യരാഷ്ട്ര സംഘടന ഈ ദിവസം അന്താരാഷ്ട്ര അഹിംസാദിനം ആയി ആചരിക്കുന്നു. സ്വാതന്ത്ര്യസമരസേനാനിയും തികഞ്ഞ അഹിംസാവാദിയുമായിരുന്ന മോഹൻദാസ് കരംചന്ദ് ഗാന്ധിയെ മഹാത്മജിയെ രാജ്യമെമ്പാടും ആദരവോടെ സ്മരിക്കുന്നു. സ്വന്തം ജീവിതത്തെ സന്ദേശമാക്കുകയും മറുവശത്ത് ആ സന്ദേശത്തെ സ്വന്തം ജീവിതമാക്കുകയും ചെയ്ത അത്ഭുത പ്രതിഭാസമാണ് ഗാന്ധിജി. ഒരർത്ഥത്തിൽ അദ്ദേഹത്തിന്റെ മരണം പോലും ഒരു വലിയ സന്ദേശമായിരുന്നു. ഈ വിധം ഗാന്ധിജി നൽകിയ സന്ദേശങ്ങളിലാണ് ലോകം പ്രതീക്ഷയോടെ ഉറ്റു നോക്കുന്നത് സമാധാനത്തിനു വേണ്ടി; അനീതിക്കെതിരെ പോരാടാൻ; പരസ്പര സഹവർത്തിത്വത്തോടെ ജീവിക്കാൻ; എന്തിനേറെ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പോലും.

കടലാഴമുള്ള ജന്മവും കാലം കവരാത്ത ഓർമ്മപ്പെടുത്തലും ആണ് മഹാത്മജി. സത്യത്തിന്റെയും സമഭാവനയുടെയും സ്വപ്നത്തിന്റെയും ലയന ഭംഗിയുള്ള അങ്ങനെ ഒരു സ്വരം പിന്നീട് ആരിൽ നിന്നും നാം കേട്ടിട്ടില്ല. അത്രയും തെളിമയും എളിമയുമുള്ള ജീവിതവും തീർച്ചയും മൂർച്ചയും ഉള്ള ദർശനവും നാം ഇതുവരെ അനുഭവിച്ചിട്ടില്ല. ഗാന്ധിജി തന്നതോളം അർഥഗാംഭീര്യവും സർവകാല പ്രസക്തവുമായ സന്ദേശം മറ്റാരും നമുക്ക് ഇതുവരെ നൽകിയിട്ടുമില്ല. മതവൈരമില്ലാത്ത, അയിത്തവും അനാചാരങ്ങളുമില്ലാത്ത, ഏവർക്കും തുല്യനീതിയും തുല്യപങ്കാളിത്തവുമുള്ള സമത്വസുന്ദരമായ ഇന്ത്യയാണ് മഹാത്മജി സ്വപ്നം കണ്ടത്. പരിസരവും ജീവിതവും മനസ്സും മലിനമല്ലാത്തവരുടെ ഇന്ത്യ; രാഷ്ട്രീയവും അധികാരവും സാധാരണക്കാർക്ക് വേണ്ടിയുള്ള ഇന്ത്യ.

ഗാന്ധിജി ദൂരെയല്ലെന്നും മനസ്സരികെത്തന്നെയുണ്ടെന്നും നമ്മുടെ പ്രവർത്തിയിലും ചിന്തയിലും ഉറപ്പാക്കണം എന്ന് വീണ്ടും ഓർമ്മിപ്പിക്കുകയാണ് ഈ ജന്മദിനം.

– എഡിറ്റർ

മേരി മാറ്റി മേരാ ദേശ്

നവജ്യോതി കോളേജ് എൻ. എസ്.എസ്സിന്റെ നേതൃത്വത്തിൽ 'മേരി മിറ്റി മേരാ ദേശ്' പരിപാടി സംഘടിപ്പിച്ചു.

ആസാദി കാ അമൃത് മഹോത്സവത്തിന്റെ ഭാഗമായി നടന്ന പരിപാടിയിൽ വാളണ്ടിയേഴ്സ് വീടുകളിൽ നിന്ന് ശേഖരിച്ച മണ്ണുമായി 'അമൃത് കലാശ്' യാത്രയും നടത്തി. പ്രിൻസിപ്പാൾ ഡോ. കെ കെ സോമശേഖരൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ പ്രോഗ്രാം ഓഫീസർ അൻസോ ജെയിൻ എൻ എസ് എസ് സെക്രട്ടറിമാരായ ക്രിസ്റ്റി സി.ജെ, അശ്വതി രാജേഷ്, ഡോക്യുമെന്റ് കോ-ഓർഡിനേറ്റർ ബ്രിജേഷ് സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം വഹിച്ചു.

ഉണർവ് 2023

നവജ്യോതി കോളേജ് എൻഎസ് എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഒന്നാംവർഷ വാളണ്ടിയേഴ്സിനായി ദ്വിദിന സഹവാസ ക്യാമ്പ് സംഘടിപ്പിച്ചു. എൻഎസ്എസ് പ്രവർത്തനങ്ങൾ, ലക്ഷ്യങ്ങൾ എന്നിവയെക്കുറിച്ച് വാളണ്ടിയേഴ്സിനെ ബോധവാന്മാരാക്കാനായാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ക്യാമ്പ് ഉദ്ഘാടനം കോളേജ് മാനേജർ ഫാ. ഡോ. ജോൺ കൊച്ചുപുരയ്ക്കൽ നിർവഹിച്ചു. ഓറിയന്റേഷൻ ക്ലാസുകൾ നടത്തുകയും പിന്നീട് വാളണ്ടിയേഴ്സ് കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. രണ്ടാം ദിനം ദാമോദരൻ മാസ്റ്ററുടെ യോഗ പരിശീലനത്തോടെ ആരംഭിച്ചു. എൻഎസ്എസുമായി ബന്ധപ്പെട്ട് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാനായി സോ ഫ്റ്റ് സ്കിൽ ട്രെയിനറും സനാതന ആർട്സ് ആൻഡ് സയൻസ് കോളേജ് അധ്യാപകനുമായ സജിത് കുമാർ ക്ലാസുകൾ നൽകി. അൻപതോളം വളണ്ടിയേഴ്സ് പങ്കെടുത്ത ക്യാമ്പിന് പ്രോഗ്രാം ഓഫീസർ അൻസോ ജയിൻ സെക്രട്ടറി മാരായ ക്രിസ്റ്റി സി.ജെ അശ്വതി രാജേഷ് ഡോക്യുമെന്റ് കോഡിനേറ്റർ ബ്രിജേഷ് സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

വാഗ്വാദങ്ങളുടെ ആഘോഷം

ജോമരിയ സ്റ്റാൻലി

നവജ്യോതി കോളേജ് ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ ഇരുപതാം തിയതി ഉച്ചയ്ക്ക് 2:30ന് സെമിനാർ ഹാളിൽ സംവാദ മത്സരം സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ കെ കെ സോമശേഖരൻ പരിപാടി ഉദ്ഘാടനം ചെയ്തു. മത്സരത്തിൽ രണ്ടുപേർ അടങ്ങുന്ന ആറ് ടീമുകളാണ് പങ്കെടുത്തത്. എം എ ഇംഗ്ലീഷ് വിദ്യാർഥിനി അലൻ ലീ ജോസഫ് പരിപാടികൾക്ക് നേതൃത്വം വഹിച്ചു. നാല് റൗണ്ടുകളിലായി നടത്തിയ മത്സരത്തിൽ അധ്യാപകരുടെ നിറസാന്നിധ്യവും സഹവിദ്യാർത്ഥികളുടെ പ്രോത്സാഹനവും മത്സരാർത്ഥികളെ ആവേശം കൊള്ളിച്ചു.

മത്സരങ്ങൾക്കൊടുവിൽ ഒന്നാം വർഷ ബി എ ഇംഗ്ലീഷ് വിദ്യാർഥികളായ എവിലിൻ റൂത് ജിമ്മിയും, ജെഫിൻ ജോണിയും അടങ്ങിയ ടീം ഒന്നാം സ്ഥാനവും, രണ്ടാം വർഷ ഇക്കണോമിക്സ് വിദ്യാർത്ഥികളായ ക്രിസ്റ്റി സി ജെയും, അദ്വൈദും രണ്ടാം സ്ഥാനവും കരസ്ഥമാക്കി. പ്രിൻസിപ്പാൾ ഡോ.കെ കെ സോമശേഖരൻ വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

ഗ്രാമിക 2k23 ലോഗോ പ്രകാശനം

നാടറിയാൻ നാടിനെ അറിയാൻ എന്ന പേരിൽ ഡിപ്പാർട്ട്മെന്റ് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെയും ഐക്യുഎസിയുടെയും നേതൃത്വത്തിൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്കുവേണ്ടി നടത്തിയ ഗ്രാമിക 2k23 യുടെ ലോഗോ പ്രകാശനം നടത്തി. ഒക്ടോബർ പതിനേഴാം തീയതി കോളേജ് അങ്കണത്തിൽ വച്ച് കോളേജ് പ്രിൻസിപ്പാൾ ഡോ. കെ കെ സോ മശേഖരനും ഐക്യുഎസി കോർഡിനേറ്റർ സിന സൈമണും ചേർന്നാണ് പ്രകാശനം നി ർവഹിച്ചത്.

കോളേജ് ഡയറക്ടർ ഫാ. സിജോയ് പോൾ പരിപാടിയിൽ മുഖ്യ പ്രഭാഷണം നടത്തി. ചടങ്ങിൽ ബിബിഎ ഹെഡ് ഷിജാ ജോസ് അധ്യാപകരായ ഫാ. അരുൺ ജെയിംസ്, ലിസിൻ, അർച്ചന തുടങ്ങിയവരും ബിബിഎ വിദ്യാർത്ഥികളും സന്നിഹിതരായിരുന്നു.

ടൂറിസം ക്ലബ്ബ് ഉദ്ഘാടനവും ഏകദിന സഹവാസ ക്യാമ്പും

നവജ്യോതി കോളേജ് ടൂറിസം ക്ലബ്ബ് ഉദ്ഘാടനവും ഏകദിന സഹവാസ ക്യാമ്പും നടന്നു. പ്രശസ്ത സഞ്ചാരിയും കുസാറ്റ് അധ്യാപകനും നിശ്ചലഛായാഗ്രഹകനുമായ ഡോ. മാർട്ടിൻ ജി.ഡി. ആണ് ഉദ്ഘാടനം നടത്തിയത്. നവജ്യോതി കോളേജിൽ നിന്നാരംഭിച്ച് കൊട്ടത്തലച്ചിമലയിലേക്ക് ട്രക്കിംഗ് നടത്തുകയും അവിടെവെച്ച് ക്ലബിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. തുടർന്ന് കോളേജിൽ ക്യാമ്പ് ഫയറും കലാപരിപാടികളും നടത്തപ്പെടുകയും, മത്സരങ്ങളിൽ വിജയിച്ചവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു. ക്ലബ്ബ് കൺവീനർമാരായ ഫാ. ജോസ് താമരക്കാട്ട്, പ്രിയങ്ക സെബാസ്റ്റ്യൻ, നീതു തങ്കച്ചൻ, എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

എത്രയും പ്രിയപ്പെട്ട...

ജുമാന ഹസീൻ

നവജ്യോതി കോളേജ് ഫ്ലോറ നേച്ചർ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ തപാൽ ദിനാചരണത്തിന്റെ ഭാഗമായി കത്തെഴുതൽ മത്സരം സംഘടിപ്പിച്ചു. എത്രയും പ്രിയപ്പെട്ട എന്നതായിരുന്നു പരിപാടിയുടെ പേര്.

വ്യാഴാഴ്ച ഉച്ചയ്ക്ക് ശേഷം 2 :15ന് നടത്തിയ പരിപാടിയിൽ 25 കുട്ടികൾ പങ്കെടുക്കുകയും അതിൽ രണ്ടാംവർഷ ബി കോം വിദ്യാർത്ഥിനിയായ അഞ്ജന മാത്യു ഒന്നാം സ്ഥാനം നേടുകയും രണ്ടാം വർഷ എം എ വിദ്യാർത്ഥിനിയായ സൂര്യ രണ്ടാം സ്ഥാനം നേടുകയും ചെയ്തു. ഇക്കണോമിക്സ് വിഭാഗത്തിലെ രണ്ടാം വർഷ വിദ്യാർത്ഥികളായ ക്രിസ്റ്റി സി.ജെ, എലിസബത്ത് ബിജു എന്നിവർ മൂന്നാം സ്ഥാനവും സ്വന്തമാക്കി.

വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാൾ ആഘോഷിച്ചു

അലൻ തോമസ്

ഒക്ടോബർ 1 വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാളിനോട് അനുബന്ധിച്ച് കോളേജിൽ ആഘോഷം സംഘടിപ്പിച്ചു. രാവിലെ ആഘോഷമായ ദിവ്യബലി നടന്നു. ഉച്ചയ്ക്ക് 12 മണിയോടുകൂടി കോളേജ് മാനേജർ ഫാ. ജോൺ കൊച്ചുപുരയ്ക്കലിന്റെ നേതൃത്വത്തിൽ കോളേജിലെ എല്ലാ അധ്യാപകരും ഒരുമിച്ച് ചേർന്ന് പ്രാർത്ഥനാശുശ്രൂഷ നടത്തി. ആഘോഷത്തിന്റെ ഭാഗമായി കോളേജ് കാന്റീനിൽ അധ്യാപകർക്കുള്ള സ്നേഹവിരുന്ന് സംഘടിപ്പിച്ചു. സ്നേഹവിരു ന്നിൽ അധ്യാപകർ ഫീസ്റ്റിനെ കുറിച്ചുള്ള ചിന്തകൾ പങ്കു വെച്ചു. തുടർന്ന് അധ്യാപകർക്ക് വേണ്ടി ഒരുക്കിയിരുന്ന സമ്മാനങ്ങൾ വിതരണം ചെയ്തു.

For private circulation only

പ്രിന്റ് ആൻഡ് പബ്ലിഷർ: നവജ്യോതി കോളേജ്, ചെറുപുഴ | **ചീഫ് എഡിറ്റർ**: നീതു തങ്കച്ചൻ | **എഡിറ്റർ ഇൻ ചാർജ്**: മുഹമ്മദ് മിൻഹാജ് | **സബ് എഡിറ്റേഴ്സ്**: ജുമാന ഹസ്സീൻ .എ, അലൻ തോമസ്, അതുൽ കെ. ആർ, ഏബൽ ഷാജി, റിലൻ ജോയ്, സുഭഗ സുഭാഷ്, ആദർശ് മാത്യു | **ഡിസൈൻ**: അലൻ തോമസ്